

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(9)/1235/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(9)/1235/22 തീയ്യതി: 30/07/2022

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2020 മുതൽ 22-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ശശിഭൂഷൺ.ഇ	ഡെപ്യൂട്ടി ഡയറക്ടർ	27-05-2022	31-05-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-05-2022	31-05-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ .ടി.കെ ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ്.എ.ബി അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജേഷ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മോഹനൻ .കെ.എ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.കമറുലൈല.പി	പ്രസിഡന്റ്	01-04-2020	11-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	12-11-2020	29-12-2020
ശ്രീ.സലിം.കെ.പി.എം	പ്രസിഡന്റ്	30-12-2020	31-03-2021
സുരേഷ്ബാബു. പി	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ലിജി.കെ.എൽ	അസി.സെക്രട്ടറി	01-04-2020	18-06-2020
ശ്രീമതി.ആനി.പി.എക്സ്	അസി.സെക്രട്ടറി	19-06-2020	31-03-2021
ശ്രീ.രാജൻ.എൻ.എ	അസി.എൻജിനിയർ	01-04-2020	30-06-2020
ശ്രീ.സനിൽ.പി	അസി.എൻജിനിയർ	01-07-2020	31-03-2021
ശ്രീമതി.നിത്യ പി.ആർ	കൃഷി ഓഫീസർ	01-04-2020	18-02-2021
ശ്രീമതി.ഗിരിജ.പി	കൃഷി ഓഫീസർ	19-02-2021	31-03-2021
ഡോ.ആനി നവോമി ഫിലിപ്പ്	വെറ്റിനറി സർജ്ജൻ	01-04-2020	31-03-2021
ശ്രീ.രാധാകൃഷ്ണൻ	ഹെഡ്മാസ്റ്റർ	01-04-2020	31-03-2021
ശ്രീ.അബ്ദുൾ ഗഫൂർ.സി	വി.ഇ.ഒ	01-04-2020	31-03-2021
ശ്രീമതി.മേരി മാനസ	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	01-04-2020	31-03-2021
ഡോ.ലീ മോഹൻ	Mo(PHC)	01-04-2020	31-03-2021

ഡോ.നടാഷ.പി	MO(ISM)	01-04-2020	31-03-2021
ശ്രീ.ജയകുമാർ.ആർ.ജി	ഡി.ഇ.ഒ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബഡ്ജറ്റ്	1-1
2	ബജറ്റ് -യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്	1-1-1
3	വാർഷിക ധനകാര്യ പത്രിക	1-2-0
4	വാർഷിക കണക്ക് -അപാകതകൾ	1-2-1
5	സാമ്പത്തിക നില	1-3
6	ഫണ്ട് വിനിയോഗം	1-4-0
7	ഫണ്ട് വിനിയോഗം-സർക്കാർ ഗ്രാന്റ് -1-10 കോടി ലാപ്സായി	1-4-1
8	പദ്ധതി അവലോകനം	1-5-0
9	പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം	1-5-1
10	തൊഴിലുറപ്പ് പദ്ധതി	1-6-0
11	തൊഴിലുറപ്പ് പദ്ധതി അവലോകനം	1-6-1
12	ക്ഷേമപെൻഷൻ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ	1-10
16	തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല	1-11
17	FTEAOS ലൈസൻസ് അപാകതകൾ	1-12
18	കൃഷി ഓഫീസർ - രശീത്, കളക്ഷൻ അപാകതകൾ	1-13
19	മുൻകൂർ -മോണിട്ടറിങ് കാര്യക്ഷമമാക്കണം	1-14
20	പൊതുടാപ്പുകൾ -വെള്ളക്കരം അടവാക്കുന്നതിലെ അപാകതകൾ	1-15
21	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് -മുതൽകൂട്ടണം	1-16
22	ഹരിത കർമ്മസേന -പദ്ധതി അവലോകനം	1-17
23	ആശ്രയ പദ്ധതി -അവലോകനം	1-18
24	തെരുവുവിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന ശുപാർശചെയ്യുന്നു	1-19
25	മരാമത്ത് - ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു.	1-20
26	KWA ഡെപ്പോസിറ്റ് വർക്ക് -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-21
27	നിശ്ചിത കാലാവധിയിൽ കരാർ ചമച്ചില്ല-ഫൈൻ ഈടാക്കേണ്ടതാണ്	1-22
28	കുടിവെള്ള പദ്ധതികൾ പൂർത്തീകരണ ശേഷം പരിപാലന കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല	1-23
29	MG(NR) ഫണ്ട് വകമാറ്റിച്ചെലവഴിച്ചു	1-24
30	258/21 -പഴയനിരത്ത് പൂന്തുരുത്തി കുടിവെള്ള പദ്ധതി -ടെൻണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ തുക അനുവദിച്ചു	1-25
31	E TENDER- ടെൻണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമാക്കണം	1-26

32	ഡെപ്പോസിറ്റ് വർക്ക് -വിനിയോഗ വിവരം ലഭ്യമാക്കണം	1-27
33	കറവപശു വാങ്ങുന്നതിന് ധനസഹായം- അപാകതകൾ	1-28
34	കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.	1-29
35	വൃദ്ധർക്ക് കട്ടിൽ വിതരണം -അപാകതകൾ	1-30
36	തെങ്ങിൻ തൈ വിതരണം-അപാകതകൾ.	1-31
37	അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.	1-32
38	മരാമത്ത് -അവലോകനം	1-33
39	തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ് -അപാകതകൾ	1-34
40	243/21-അയിലക്കുഴി കോളനി DWWS -അധിക തുക അനുവദിച്ചു	1-35
41	വനിത തൊഴിൽ പരിശീലന കേന്ദ്രം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-36
42	ദുരിതാശ്വാസ നിധി -രൂപീകരിച്ചിട്ടില്ല	1-37
43	കുടിവെള്ള പദ്ധതി മോട്ടോർ മാറ്റിവെക്കൽ -പഴയത് തിരിച്ചെടുത്തിട്ടില്ല	1-38
44	അങ്കണവാടികളുടെ ഭൗതിക സാഹചര്യം-അവലോകനം	1-39
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	258/21 -പഴയനിരത്ത് പൂന്തുരുത്തി കുടിവെള്ള പദ്ധതി -ടെൻണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ തുക അനുവദിച്ചു	3-1
2	243/21-അയിലക്കുഴി കോളനി DWWS -കോൺട്രാക്ടർക്ക് അധിക തുക അനുവദിച്ചു	3-2
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ബഡ്ജറ്റ്

21.3.2020 തീയതിയിലെ 1/1 നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	19143317
പ്രതീക്ഷിത തൻവർഷം വരവ്	257571000
ആകെ വരവ്	276714317
പ്രതീക്ഷിത ചെലവ്	207009000
നീക്കിയിരിപ്പ്	69705317

1-1-1 ബജറ്റ് -യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടാത്തത്

	ബജറ്റ് പ്രകാരം	വാർഷിക കണക്ക് പ്രകാരം
പ്രാരംഭ ബാക്കി	1964591	11435413
പ്രതീക്ഷിത തൻവർഷം വരവ്	204451591	89223374
ആകെ വരവ്	204451591	100658787
പ്രതീക്ഷിത ചെലവ്	203018600	94018359
നീക്കിയിരിപ്പ്	1432991	6640428

യാഥാർത്ഥ്യബോദ്ധ്യത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2-0 വാർഷിക ധനകാര്യ പത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2020-21	31-7-2021	26-05-2021	-	-

1-2-1 വാർഷിക കണക്ക് -അപാകതകൾ

1. ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ തൻവർഷം ലഭിച്ച പെർമിറ്റ് ഫീയുടെ സം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. റികൺസിലിയേഷൻ സ്റ്റേറ്റ്മന്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അനുബന്ധ രേഖകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 8/27-05-2022 ന് നൽകിയ മറുപടിയിൽ ബിൽഡിംഗ് പെർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, റീകൺസിലിയേഷൻ രജിസ്റ്റർ എന്നിവ സംക തയ്യാറാക്കി സൂക്ഷിക്കാൻ അക്കൗണ്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	11435413
വരവ്	89223374

ആകെ	100658787
ചെലവ്	94018359
നീക്കിയിരിപ്പ്	6640428

1-4-0 ഫണ്ട് വിനിയോഗം

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	സി.ബി
പ്ലാൻ (ജനറൽ)	0	11665442	11665442	4830421	6835021
പ്ലാൻ (SCP)	0	8385853	8385853	7056337	1329516
പ്ലാൻ (TSP)	0	0	0	0	0
CFC (BASIC)	0	9863701	9863701	7275374	2588327
CFC (TIED)	0	4920000	4920000	3471159	1448841
റോഡ് (MG)	0	27318000	27318000	27318000	0
റോഡീതരം (MG)	0	3576458	3576458	3576458	0

കേന്ദ്രാവിഷ്കൃതം

കേന്ദ്രാവിഷ്കൃതം- TSC ശുചിത്വ മിഷൻ		3125075	2228192	5353267	2098928	3254339
കേന്ദ്രാവിഷ്കൃതം- ICDS		863892	1205651	2069543	987450	1082093
ജോയിന്റ് വെഞ്ചർ അക്കൗണ്ട് (Rpപ്രകാരം)*	ബ്ലോക്ക് പഞ്ചായത്ത്	863892	550000	1413892	1070472	4343420
	ജില്ലാ പഞ്ചായത്ത്	818425	300000	1118425	818425	300000

1-4-1 ഫണ്ട് വിനിയോഗം-സർക്കാർ ഗ്രാന്റ് -1-10 കോടി ലാപ്സായി

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	സി.ബി	ചെലവ്%
പ്ലാൻ (ജനറൽ)	0	11665442	11665442	4830421	6835021	41%
പ്ലാൻ (SCP)	0	8385853	8385853	7056337	1329516	84%
പ്ലാൻ (TSP)	0	0	0	0	0	0
CFC(BASIC)	0	9863701	9863701	7275374	2588327	74%
CFC (TIED)	0	4920000	4920000	3471159	1448841	71%
റോഡ്(MG)	0	27318000	27318000	27318000	0	100%
റോഡീതരം (MG)	0	3576458	3576458	3576458	0	100%
ആകെ	0	64532894	64532894	53527749	11005145	83%

തൻവർഷം ലഭ്യമാക്കിയ 6.45കോടി സർക്കാർ ഗ്രാന്റിൽ 5.35 കോടി മാ ചെലവഴിക്കപ്പെട്ടിട്ടുള്ളത് . 1.10 കോടി ലാപ്സായി. പൂർണ്ണതോ നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്. ആസ്തി സം ഗ്രാന്റുകൾ 100% ചെലവഴിക്കപ്പെട്ടത് അഭിനന്ദനാർഹമാണ്.

1-5-0 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവര ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്ത പ്രോജക ളുടെ ശതമാ
413	123990878	338	76419046	0	75	62%

1-5-1 പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ	ആകെ പ്രൊജക്ട്	നിർവ്വണം നടത്തിയത്	നടപ്പിലാക്കാത്തവ	അടങ്കൽ	ചെലവ്	ശതമാ
കൃഷി ഓഫീസർ	10	9	1	2318180	1518180	65%
വെറ്റിനറി സർജ്ജൻ	10	9	1	4114850	1576896	38%
MO (PHC)	7	6	1	1000000	836116	84%
MO (HOMEO)	3	2	1	167600	137600	82%
MO (AYUR)	2	2	0	400000	400000	100%
ഫിഷറീസ്	2	2	0	783000	0	0%
VEO	14	11	3	37876355	10557403	28%
ICDS	10	8	2	5867038	5164308	88%
DEO	4	4	0	1217763	468743	38%
സെക്രട്ടറി	39	34	5	10758614	9632145	90%
അസി.എൻജി.	295	235	60	56203448	43148261	76%
ഹെഡ് മാസ്റ്റർ	11	10	1	1914756	1822280	95%
അസി.സെക്രട്ടറി	5	5	0	1369274	1222114	89%
ആകെ	413	338	75	123990878	76419046	82%

തൻ വർഷം അംഗീകാരം ലഭ്യമായ 413 പ്രാക്കുകളിൽ 338 എണ്ണം പൂർണ്ണതോതിൽ നിർവ്വഹണം നടത്തി .75 എണ്ണം സ്പിൽ ഓവർ ആയി അടങ്കൽ 12.29 കോടി രൂപയിൽ 7.64 കോടി രൂപ ചെലവഴിക്കപ്പെട്ടു.(,ചെല മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

1-6-0 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	37444	780679	818123	774587	43536
ഗുണഭോക്താകൾക്ക് നേരിട്ട നൽകുന്നത്	0	22856530	22856530	22856530	0
ആകെ	37444	23637209	23674653	23631117	43536

1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

ക്രമ നം.	വിശദാംശം	20-21
1	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	2617
2	തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം	2617
3	തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	1369
4	തൻവർഷത്തെ ആകെ അടങ്കൽ	71447600
5	തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം	198
6	തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം	88
7	സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം	85
8	തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ)	23637209
9	തൻവർഷത്തെ ചെലവ്	23631117
10	തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം	1125
11	തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	1125

ക്രമ നം.	വിശദാംശം	20-21
12	100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	437
16	തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം	18
19	സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം)	0

20-21വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 85പ്രവർ തൊഴിലുറപ്പുപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

പ്രവർത്തി	എണ്ണം 20-21
റോഡ്	18
കോഴിക്കൂട്	19
ആട്ടിൻകൂട്	23
തൊഴുത്ത്	4
കയർ ഭൂവസ്ത്രം	4
മറ്റുള്ളവ	17
ആകെ ചെലവ്	53451045

1-7 ക്ഷേമപെൻഷൻ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	6317200	3141
വിധവാപെൻഷൻ	9188400	3303
വാർദ്ധക്യകാലപെൻഷൻ	34861400	17623
വികലാംഗപെൻഷൻ	7225200	3518
വിവാഹ ധനസഹായം	330000	11

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബ പരിശോധന 23-05-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10 ന് സ്ഥാപന തല ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയു പരിശോധനയിൽ 13216/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങ അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുക പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴിവ കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ ഈ റിപ്പോർട്ടിന്റെ അനുബന്ധം.1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെട പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്ക രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാം ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കി ഒരാളുടെ പാസ്വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്ന കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബി സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്ക ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമ ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യ ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അ എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർ ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന നികുതി ഡിമാന്റ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്ര മാനവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നിക പിരിച്ചെടുത്തിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂ പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ,

ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ച ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടു സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജ് ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്ക് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തു കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റന്റൻസ് രജിസ്റ്ററും ശ സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ് തയ്യാറാക്കു സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. ഗ്രാമസഭായോഗ കാലാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ല ഗ്രാന്റുകളിൽ ₹ 1.10 കോടി/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴി ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെട ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയ നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാ മരാമത്ത് ടെൻണ്ടർ നടപടികൾ സുതാര്യമാണെന്ന് ഉറപ്പ് വരുത്തി മ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.തനത് ഫണ്ട് പുതിയ നിർദ്ദേശങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.4.2022	1/2022-2/2022	28.4.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.2.2014-4.3.2014	2008-2009-2012-13	22.4.2014

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായ (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ച പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കല ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധ

തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചേർക്കുന്നു.

(എ) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2020-2021 സാന വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	കരാറുകാരന്റെ പേര് (AE യുടെ എഗ്രിമെന്റ രജിസ്റ്റർ പ്രകാരം)
1	കെ.മുഹമ്മദ്
2	പി. അലി
3	കെ. മുഹമ്മദലി
4	സവദ്. ഇ.കെ.
5	മുഹമ്മദ് ഷാഫി. ടി.
6	അബൂബക്കർ. ടി.
7	മുഹമ്മദ് ഷമീർ .കെ.
8	മുഹമ്മദ് മുസ്തഫ. കെ.
9	സൈഫുദ്ദീൻ. പി.
10	നിസാർ. പി.
11	സമീർ ബാബു
12	മുഹമ്മദ് ഷെരീഫ്. ടി.പി.
13	പി.ടി. അലി
14	കെ. അബ്ദുൾ ഗഫൂർ
15	എം. മുഹമ്മദലി
16	പി.യൂസഫ്
17	കെ. മുഹമ്മദലി
18	സി.ഹംസ
19	എം. ഹസ്സൻ
20	അബ്ദുൾ റഷീദ്. വി.പി.
21	കെ. ഹുസ്സൻ
22	അനസ്. പി.
23	നാസർ. കെ.
24	കെ. അബൂബക്കർ
25	എം. മുഹമ്മദ്
26	കെ. ബഷീർ
27	കെ. മുഹമ്മദ്
28	ഷെരീഫ്. പി.
29	കെ.പി. ബഷീർ
30	മുഹമ്മദ് ഷെരീഫ്. പി.
31	പി. നിയാസ്

(ബി) തുാഴെ പുറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ റ ഡിമാന്റ ചെയ്ത ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	കാലയളവ്
1	പോസ്റ്റ് ഓഫീസ്, കുണ്ടൂർകുന്ന്	രണ്ടാം അർദ്ധവർഷം

തൊഴിൽ നികുതി ഈടാക്കേണ്ടതും, രേഖകൾ പരിശേ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം : 7(A)/27-05-2022 ന് നൽകിയ മറുപടി:

(എ) 2020-2021 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് എൻകപയറിയിൽ പരാമർശി.

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോ
നൽകിയിരുന്നില്ല. പ്രവൃത്തികൾ ഏറ്റെടുത്ത് കരാർ ചെയ്യുന്ന കരാറുകാ
വിവരങ്ങൾ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കൽ ലഭ്യ
ശേഖരിച്ചിരുന്നുമില്ല. 2022-2023 വർഷം മുതൽ കരാർ വയ്ക്കുന്ന കരാറുകാ
ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുവാ
ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
(ബി) പോസ്റ്റ് ഓഫീസ് കുണ്ടൂർകുന്നിലെ ജീവനക്കാരുടെ 2020-2021 ലെ ര
അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഈടാക്കുന്നതിന് ന
സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-12 FTEAOS ലൈസൻസ് അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സ്ഥ
പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്ര
2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എ
വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എ
പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സ്ഥ
പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങ
പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്ത
ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2020-2021 വർഷ
ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധി
പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ലൈസൻസ് എടുത്തതായി കാ
കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ
ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബ
വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ബി) 31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗ
പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21
ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഈ
ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈ
ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെ
കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരി
സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി
തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ ട്രേഡ്ലേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും
പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ
അനുമതി കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല
ഉറപ്പുവരുത്തേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം :9/27-05-2022 ന് നൽകിയ മറുപടി
(A) ഗ്രാമ പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്.
ഡീലേഴ്സുമായി സംസാരിച്ച് ലൈസൻസ് അപേക്ഷകൾ ലഭ്യമാക്കി 2
വർഷത്തിൽ തന്നെ എല്ലാ റേഷൻ കടകളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന
വരുത്തുകയും ചെയ്യുന്നതാണ്.
(B) അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തു തന്നെ പൂർണ്ണമാണ് എന്ന്
വരുത്തുകയും, ഫീൽഡ് വെരിഫിക്കേഷൻ നടത്തി എല്ലാ സ്ഥാപന

ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-13 കൃഷി ഓഫീസർ - രശീത്, കളക്ഷൻ അപാകതകൾ

കൃഷി ഓഫീസർ ഗ്രോബാഗ് വിതരണവുമായി ബന്ധപ്പെട്ട് നടത്തിയ കളക്ഷൻ രജിസ്റ്റർ എന്നിവയിലെ അപാകതകൾ താഴെ ചേർക്കുന്നു.

ക്രമ നം.	രശീത് ബുക്ക്	അനുവദിച്ച തിയതി	അപാകതകൾ
1	64218	19-04-2021	രശീതു ബുക്കിലും, കളക്ഷൻ രജിസ്റ്ററിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. ഡബ്ബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. കളക്ഷൻ തുക രശീത് ഉള്ളടക്കം ചെയ്തിട്ടില്ല. (240*100=24000/-)
2	64223	23-03-2022	രശീതു ബുക്കിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. കളക്ഷൻ തുക രശീത് ഉള്ളടക്കം ചെയ്തിട്ടില്ല.(240*24=5760/-)
3	64224	23-03-2022	രശീതു ബുക്കിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. കളക്ഷൻ തുക രശീത് ഉള്ളടക്കം ചെയ്തിട്ടില്ല.(240*12=2880/-)

കളക്ഷൻ രജിസ്റ്ററിലും, രശീതുകളിലും തിയതി രേഖപ്പെടുത്തേണ്ടതാണ്. 3/Article 8 പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത/തൊട്ടടുത്ത പ്ര ദിവസം ബാങ്കിൽ അടവാക്കേണ്ടതാണ്. TR 5 -KTC Vol/1 Article 90(A) പ്രകാരം രശീതുകളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 24/30-05-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 മുൻകൂർ -മോണിട്ടറിങ് കാര്യക്ഷമമാക്കണം

വാർഷിക കണക്കിൽ അഡ്വാൻസ് എന്ന ഹെഡിൽ B-18 ൽ ഷെഡ്യൂളിൽ Ad Implementing Agencies-Deposit With KSEB - 272137 രൂപയും, Advance To Implementing Officer രൂപയും ഉണ്ട്. ടി തുകകൾ ഏത് പദ്ധതികൾക്ക് ഏത് വർഷം നല്കിയതാ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യ മേൽ സൂചിപ്പിച്ച തുകകൾ 2019-20ലും ഉൾപ്പെട്ടിരുന്നവെങ്കിലും 2019-20 ലും, 2 അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. നിർവഹണ ഏജൻസികൾക്ക് തുകകളുടെ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതും , കൃത്യമായി മോണിറ്റ നല്കിയ പണത്തിന്റെ സമയബന്ധിതമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-15 പൊതുടാപ്പുകൾ -വെള്ളക്കരം അടവാക്കുന്നതിലെ അപാകത

കേരള ജല അതോറിറ്റി പി.എച്ച് ഡിവിഷൻ ഷൊർണ്ണൂരിന്റെ ഡിമാന്റ് ര
പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് പരിധിയിൽ 231 പൊതു കുടി
ടാപ്പുകൾ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250/- രൂപ നിരക്കിൽ പ്രതിവർഷം 12,12,
ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്. (231*5,250= 12,12,750, 12,12,750/12=
രൂപ പ്രതിമാസം)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവ
കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി
പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അ
പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ
വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റ
ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആ
പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാ
എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജ
മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയ
സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഗാർഹിക കണക്ഷനു
പ്രോൽസാഹനം നൽകി പരമാവധി കുടുംബങ്ങൾക്ക് ജല
ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടി
കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കരിക്ക
ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനു
പൊതുടാപ്പുകൾ നിർത്തലാക്കാക്കുക എന്നതാണ് 13-ാം പദ്ധതിയുടെ സമീ
ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റേയും നി
പ്രവർത്തിക്കുന്ന പൊതു ടാപ്പുകളുടെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യ
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം:5/20-21/25.5.22)
സമർപ്പിച്ചത് അംഗീകരിക്കുന്നു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് -മുതൽകൂട്ടണം

2020-21 വർഷത്തിലെ ബാലൻസ്ഷീറ്റിലെ B-7 Deposits Received എന്ന ഹെഡിൽ
രൂപ വിവിധ ഹെഡുകളിലായി നീക്കിയിരിപ്പുണ്ട്. ഇതിൽ
വർഷത്തിലധികമായി തിരികെ ആവശ്യപ്പെടാത്ത തുകകളുടെത് തനത് ഫണ്ട
മുതൽകൂട്ടേണ്ടതാണ്. വാടക ഡെപ്പോസിറ്റിൽ 1987 മുതൽക്കുള്ള ത
നീക്കിയിരുപ്പിൽ ഉണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കി
കേരള പഞ്ചായത്ത് അക്കൗണ്ട് റൂൾസ് 2011, ചട്ടം 79 എന്നിവ അനുസരിച്ച് കാ
കഴിഞ്ഞിട്ടിട്ടും തിരികെ കൈപറ്റാത്ത ഡെപ്പോസിറ്റുകൾ, പഞ്ചായത്ത്
നിന്നും നിശ്ചിത സമയത്തിനകം പണമാക്കാത്ത ചെക്കുകൾ
തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാവുന
കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് ഉൾപ്പെടുത്ത
നടപടികൾ.

1-17 ഹരിത കർമ്മസേന -പദ്ധതി അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേ
രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ
12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗ
പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവ
മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടത്തൽ
നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ.

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ
തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ച
സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള പ്ല
മാലിന്യ പരിപാലന ഉപനിയമാവലി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി
.വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും പ്ര
യൂസർ ഫീ ആയി നിലവിൽ ഈടാക്കി വരുന്നുണ്ട്.

ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം.

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 1-12-2019 മുതൽ
ആരംഭിച്ചിട്ടുള്ളത്. 16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേ
ആദ്യ ഘട്ടത്തിൽ 32 പേരാണുണ്ടായിരുന്നത്. ഓരോ വാർഡിനും 2 അംഗ
സംഘമാണ് വേണ്ടതെങ്കിലും നിലവിൽ 20 അംഗങ്ങൾ മാത്രമാണുള്ളത്. ജന
പ്ലാസ്റ്റിക്ക് മാലിന്യം കൈമാറുന്നതിനുള്ള വൈമുഖ്യം, സേനാംഗ
ജോലിക്കുള്ള പ്രതിഫലം ലഭിക്കുന്നതിലുള്ള കാലതാമസം എന്നീ കാരണങ്ങ
പലരും ഈ ജോലിയിൽ നിന്നും പിൻമാറിയത് എന്ന് ഹരിതക്രമസേനാ
അറിയിച്ചു.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയ
അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരം
എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേ
പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കു
പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു
സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽ
മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമത
ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ താൽക്
എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിച്ച് രണ്ട് പ്രാവശ്യം ക്ലീൻ
കമ്പനിക്ക് കൈമാറിയിട്ടുണ്ട്. സേനാംഗങ്ങൾക്കുള്ള യൂണിഫോം കൂടാതെ
ഗംബൂട്ട്സ്, സാനിറ്റൈസർ, തുടങ്ങിയ സുരക്ഷാസാമഗ്രികളും ഗ്രാമപഞ്
നൽകിയിട്ടുണ്ട്.(പ്രൊജക്ട് നം:448/21)

സി. യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ 14799 വീടുകളും 1150 വ്യാപാര സ്ഥാപനങ്ങളും ഉ
ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. ഇതിൽ 1030 വീടുകളിൽ നിന
കടകളിൽ നിന്നുമാണ് പ്ലാസ്റ്റിക്കും ഫീസും ലഭിക്കുന്നത്. യൂസർ ഫീ ഒടുക്കു
പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന്
കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസ
ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേ
അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപ
സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേ
വ്യക്തമാക്കിയിട്ടുള്ളതാണ്. യൂസർഫീ ലഭിക്കുന്നതിനാവ
ബോധവത്കരണപരിപാടികളും നടത്തിവരുന്നതായും അറിയിച്ചു.

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സ
(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റി
മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ
എം.സി.എഫ് പ്രവർത്തിക്കുന്നത് കാര എന്ന സ്ഥലത്താണ്. വാർഡ് തല
പ്ലാസ്റ്റിക്ക് തരം തിരിച്ച് എം സി എഫിലേക്ക് മാറ്റുകയാണ് ചെ

എം.സി.എഫുകളിൽ മതിയായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല. സ
ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.
മാലിന്യ സംസ്കരണ പ്രവൃത്തികളുടെ പശ്ചാത്തലസൗകര്യം ഒരുക്കുന്ന
പ്രോജക്ടുകൾ രൂപീകരിച്ച് തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന
വിവരങ്ങൾ താഴെ ചേർക്കുന്നു .
1.510/21-സമഗ്ര പ്ളാസ്റ്റിക്ക് നിർമാർജന പരിപാടി
2.519/21-ശുചീകരണ തൊഴിലാളികൾക്ക് ഗം ബൂട്ട്സ്, മാസ്ക്ക്, ഗ്ളൗസ് എന്നിവ
നൽകൽ
3.521/21- മാലിന്യ സംസ്ക്കരണം സംബന്ധിച്ച് വിവരശേഖരണം നടത്തൽ

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വ
സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തല
(കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്)
സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്
വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാ
പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫുകൾ നാളി
സ്ഥാപിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സെ
അറിയിച്ചു.

ജി. റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് നിലവിലില്ല.

എച്ച്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം
കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപ
തെരഞ്ഞെടുക്കാവുന്നതാണ്. മുണ്ടൂർ ഐ.ആർ.ടി.സിയെ ഹരിത
സ്ഥാപനമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുള്ളതായും സെ
അറിയിച്ചു. യൂസർഫീ ലഭിക്കുന്നതിനുള്ള ക്യാംപെയിനുകളിൽ ഹരിത
സ്ഥാപനം ഇടപെട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നതായും സേനാംഗങ്ങൾ
പരിശീലനം നല്കിയതായും അറിയിച്ചു.

ഐ. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ
സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുക
മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴ
പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അ
നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 2
പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തര
സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ
ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേ
പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് മാലിന്യ
നടത്തിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ സേന പ്രവർ
തുടങ്ങിയതിനുശേഷം രണ്ടു പ്രാവശ്യം മാത്രമാണ് കമ്പനി പ്ള
ശേഖരിച്ചിട്ടുള്ളത്

ജെ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്.

10.12.2019 ഹരിതകർമ്മസേനയുടെ അക്കൗണ്ട് ആരംഭിച്ചപ്പോൾ മുന്നിരിപ്പാ
രൂപ അടവാക്കിയിട്ടുണ്ട്. സേനയെ മൂന്ന് ക്ളസ്റ്ററുകളായി തിരിച്ച്
അടിസ്ഥാനത്തിലാണ് തുക ബാങ്കിലേക്ക് അടവാക്കുന്നത്. പഞ്ചായത

വിസ്മൃതി, യാത്രാചെലവ് എന്നിവമൂലമാണ് തുക ഇത്തരത്തിൽ അടവാക്കുന്ന
ഹരിതകർമസേനാംഗങ്ങൾ അറിയിച്ചു. 04.05.2022 ലെ അക്കൗണ്ട് നീക്കിയിരി
രൂപയാണ്.

എച്ച്. വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം
സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ
ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധ
തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇട
നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും
മാർക്ക് ചുമതല നൽകിയിട്ടുണ്ട്. ആയതനുസരിച്ച് വി.ഇ.ഒ മാർ ചുമ
നിർവ്വഹിക്കുന്നതായി സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃ
ക്രമീകരിക്കേണ്ടതാണ്.

. പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി.ൽ സൂക്ഷിക്കുന
മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ട
വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവന
ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകള
കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.
എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

. അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കേണ്ടതാണ്.
.യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപ
സംഘടിപ്പിക്കേണ്ടതാണ്.

. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള
എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ച
ഉറപ്പാക്കേണ്ടതാണ്.

. ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ്
കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കി
അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

. എം.സി.എഫസ്ഥാപിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന
നിർമ്മാണങ്ങൾ പൂർത്തീകരി ക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനട
ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ആശ്രയ പദ്ധതി -അവലോകനം

പഞ്ചായത്ത് തലത്തിൽ സമൂഹത്തിൽ പാർശ്വ വൽക്കരിക്കപ്പെട്ടവർ, ഭവന ര
,അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവർ തുടങ്ങി 9 ക്ലേശഘടങ്ങള
ക്ലേശഘടകങ്ങളും 1 പ്രത്യേക ക്ലേശഘടകവും ബാധകമാക്കി അയൽകൂട്ട
പിന്തുണയോടെ ഓരോ വാർഡിലും എ.ഡി.എസ് കണ്ടെത്തി പട്ടിക സി.ഡി.
കൈമാറി പ്രത്യേക (അഗതി) ഗ്രാമസഭ ചേർന്ന് കരട് പട്ടിക തയ്യാറാക്കി
അംഗീകാരം ലഭ്യമാക്കി തയ്യാറാക്കുന്നതാണ്. ഇത്തരം ഗുണഭോക്താ

(1)ഭക്ഷണം (2)ആരോഗ്യം (3)വസ്ത്രം (4)പെൻഷൻ(5)വിദ്യാഭ്യാസം കാര്യങ്ങലൾക്ക് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിലുള്ള ആശ്രയ പദ്ധതി പരിഷ്കരിച്ച് അഗതി രഹിത പദ്ധതിയായി സർക്കാർ ഉത്തരവ് (എം.എസ്)നം:252/2017/LSGD/12.12.2017 പ്ര കുടുംബശ്രീ -അഗതി രഹിത കേരളം പദ്ധതി -പരിചരണ സേവ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ഓഡിറ്റ് കാലയളവിൽ സി.ഡി.എസി ന് കീഴൽ 195 ഗുണഭോക്താക്കൾ നില .20-21 ൽ പ്രൊജക്ട് നം :45/21 പ്രകാരം 250000 രൂപ അസി.സെക്രട്ടറി സി.ഡി. കൈമാറിയിട്ടുണ്ട് .ആയത് ഭക്ഷ്യധാന്യകിറ്റ് വിതരണത്തിന് മാത്രമാണ് തൻ ഈ ഇനത്തിൽ 250000 /- രൂപയാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് .മറ്റ് ആനുകൂല്യ വേണ്ടി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രൊജക്ടുകൾ തയ്യാറാക്കി കാണുന്നില്ല .ഇതു സംബന്ധിച്ച് തുടർനടപടി വിവരം ഓഡ അറിയിക്കേണ്ടതാണ്.

1-19 തെരുവുവിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന ശുപാർശചെയ്യുന്നു

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്ര തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിന അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന വിവരങ്ങൾ താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കാണിക്കുന്ന പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 9,44,736/- രൂപ കെ.എ കുമരംപുത്തൂർ, താഴേക്കോട് എന്നീ ഇലക്ട്രിക്കൽ സെക്ഷന അടവാക്കിയിട്ടുണ്ട്.

മീറ്ററിംഗ് ആക്കാത്ത തെരുവു വിളക്കുകളുടെ വിവരങ്ങൾ

കെ.എസ്.ഇ.ബി തൃത്താല ഇലക്ട്രിക്കൽ സെക്ഷനിൽ മീറ്ററിംഗ് ആക്കാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ് കൺസ്യൂമർ നം 1167421013175 പ്രകാരം 78,7 വീതം പ്രതിമാസം അടവാക്കുന്നുണ്ട്.എന്നാൽ തെരുവു വിളക്കുകളുടെ തിരിച്ചിട്ടുള്ള കെ.എസ്.ഇ.ബിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 329 ഓർ ബൾബുകളും 492 സോഡിയം വേപ്പർ ലാമ്പുകൾക്കും വൈദ്യുതി അടക്കുന്നുണ്ട്. രജിസ്റ്റർ പരിപാലിക്കാത്തതിനാലും സംയുക്ത പരി നടത്താത്തതിനാലും യഥാർത്ഥ വൈദ്യുതചാർജ്ജാണ് ഒടുക്കുന്നത് എന വരുത്തുക സാധ്യമല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സ ഏർപ്പെടുത്താമെന്ന് സർക്കുലർ നം. ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) സർ നം.43742/ഡി.സി.3/2010/ത.സ്വ.ഭ.വ.തീയതി 07.07.2010 എന്നിവ പ്രകാരം സ നിർദ്ദേശിച്ചിട്ടുണ്ട് .

ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വി മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കു താല്പര്യപ്പെടുന്നു. തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനും, ഓരോ ഇനം ലാമ്പുകള എണ്ണത്തിനും കൃത്യമായ കണക്കില്ലാതെ വൈദ്യുതി ചാർജ്ജ് അടവാക്കുന വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക (നം:23/20-21/28.5.22)മറുപടി ലഭ്യമാക്കിയത് അംഗീകരിക്കുന്നു .തുടർനടപടി അറിയിക്കേണ്ടതാണ്.

1-20 മരാമത്ത് - ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു.

തദ്ദേശസ്ഥാപനങ്ങളുടെ മരാമത്ത് പ്രവർത്തി പൂർത്തീകരണ സമയം ദീർ നൽകുന്നത് സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാനുവലിലെ വ്യവ കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നട പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കി കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീ ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്ര വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാ ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്ന ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടാ ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘ നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശയോടെ പഞ്ചായത്ത് ഭരണ തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്ത കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗിക കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചി പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാ ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കു 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100 എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിര ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർ ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അപൂർണ്ണമാണ് (കോൺട്രാ അപേക്ഷ, നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശ, പഞ്ചായത്ത് തീരുമാനം, ഈടാക്കിയ വിവരം എന്നിവ)

മരാമത്ത് പ്രവർത്തിയുടെ വിശദ വിവരങ്ങൾ	ഫൈൻ സംബന്ധിച്ച്

	ഈട്ടാക്കേണ്ടത (3%)	ഈട്ടാക്കിയത	കുറവ്
1)പ്രവർത്തി:469/221-കാരാട്ട് കിഴക്കുംപ്പുറംറോഡ് ടാറിങ് അടങ്കൽ :(800000 -MGR) ചെലവ് :799685/- ബിൽ നം:143/20-21/18.1.21 എം ബുക്ക് :164/20-21 എഗ്രിമെന്റ് :12/AE/TNK/18-19/11.10.18 (PAC-800000) പൂർത്തീകരിക്കേണ്ട തീയ്യതി : 11.4.2019 (എഗ്രിമെന്റ്പ്രകാരം) പൂർത്തീകരിച്ച തീയ്യതി :22.5.20 (അവസാന ചെക്ക് മെഷർ) 11.4.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല കോൺട്രാക്ടർ-ശ്രീ.ഹസ്സൻ .കെ	24000	0	24000
